# പതിനാലാം കേരളനിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.6777 04/04/2018-ൽ മറുപടിക്ക്

### വില്ലേജ് ഓഫീസുകളിലെ ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ വേതനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മുഹമ്മദ് മുഹസിൻ. പി | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) വില്ലേജ് ഓഫീസുകളുടെ ഡിജിറ്റൈസേഷന്റെ ഭാഗമായി നിയമിതരായ ഡാറ്റ എൻട്രി ഓപ്പറേറ്റർമാർക്ക് നാമമാത്രമായ വേതനം മാത്രമാണ് ലഭിക്കുന്നത് എന്നുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) അത്തരം കേസുകൾ പൊതുവിൽ ശ്രദ്ധയിൽ പെട്ടിട്ടില്ല. ചില ജില്ലകളിൽ വന്ന അത്തരം ആവശ്യങ്ങൾ ജില്ലാ തലത്തിൽ തന്നെ കൈകാര്യം ചെയ്യുന്നതിനായി നിർദ്ദേശിച്ചിരുന്നു.<br>ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർക്ക് ഡാറ്റാ എൻട്രി ചെയ്യുന്നതിന് ഡാറ്റാ ഒന്നിന് നാല് രൂപ നിരക്കിൽ വേതനം നൽകിവരുന്നത് കൂടാതെ, ലാപ് ടോപ്പ് വാടക, ഇന്റർനെറ്റ് ചാർജ് എന്നിവ കൂടി നൽകി വരുന്നുണ്ട്. |
| (ബി) റീ-സർവ്വേ നടപടികൾ പൂർത്തിയായെങ്കിലും വില്ലേജ് രേഖകൾ വ്യക്തമല്ലാത്തതിനാൽ ഡാറ്റ എൻട്രി നടത്താൻ വളരെയധികം ബുദ്ധിമുട്ടുകൾ നേരിടേണ്ടി വരുന്ന പാലക്കാട് ജില്ല പോലുള്ള പ്രദേശങ്ങളിൽ ഒരു ഡാറ്റ എൻട്രി നടത്തുന്നതിന് ഇവർക്ക് നാലു രൂപ നിരക്കിൽ മാത്രമാണ് വേതനം ലഭിക്കുന്നതെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) അത്തരം കേസുകൾ ശ്രദ്ധയിൽ പെട്ടിട്ടില്ല. ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർക്ക് ഡാറ്റാ എൻട്രി ചെയ്യുന്നതിന് ഡാറ്റാ ഒന്നിന് നാല് രൂപാ നിരക്കിൽ വേതനം നൽകിവരുന്നത് കൂടാതെ ലാപ് ടോപ്പ് വാടക, ഇന്റർനെറ്റ് ചാർജ് എന്നിവ കൂടി നൽകി വരുന്നുണ്ട്. |
| (സി) ഇവരുടെ വേതനം പരിഷ്കരിക്കുന്നതിനുള്ള നടപടികൾ പരിഗണനയിലുണ്ടോ, ഉണ്ടെങ്കിൽ വ്യക്തമാക്കാമോ ? | (സി) വേതനം പരിഷ്കരിക്കുന്നതിനുള്ള നടപടികൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ